കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 27.08.2025 മുതൽ 31.08.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| | |
|---|---|
| **എ എ എസ് ബുള്ളറ്റിൻ നമ്പർ 34/2025 (68) ചൊവ്വാഴ്ച** | **തീയ്യതി 26/08/2025** |

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 27.08.2025 | 28.08.2025 | 29.08.2025 | 30.08.2025 | 31.08.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 4 | 5 | 2 | 2 |
| ഉയർന്ന താപനില (°C) | 30 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 3 | 4 | 5 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 320 | 270 | 320 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) കതിരു വരുന്ന പരുവം | ബാക്ടീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മഴയില്ലാത്തപ്പോൾ തളിക്കുക. |
| തെങ്ങ് | പരിപാലനം | മഴക്കാലത്ത് തടം തുറന്ന് ഓരോ വലിയ തെങ്ങിനും 25 കി.ഗ്രാം. മുതൽ 50 കി.ഗ്രാം. വരെ ജൈവവളം ഇട്ടു കൊടുക്കാവുന്നതാണ്. തടത്തിൽ വെള്ളക്കെട്ടുണ്ടാകാതെ ജലനിർഗമന മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. |
| പച്ചക്കറികൾ | ഇലപ്പേനുകൾ | തുടക്കത്തിൽ തന്നെ ലെക്കനിസീലിയം (വെർട്ടിസീലിയം) 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. നീലാ പശകെണി ഉപയോഗിക്കാം. കീടബാധയുള്ള തൈകളിൽ തയാക്ലോപ്രൈഡ് 21.7 SC 4.5 മി.ലി. 10 ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കാം. |
| മരചീനി | വേര് ചീയൽ | കൃഷിയിട ശുചീകരണം; വിളപരിക്രമണം; നീർവാർച്ച ക്രമീകരിക്കുക; ചെടിയൊന്നിന് 150-250 ഗ്രാം കുമ്മായം ചേർക്കുക; രോഗമില്ലാത്ത കമ്പ് മാത്രം നാടാൻ ഉപയോഗിക്കുക; ചെടിയൊന്നിന് 20 ഗ്രാം വേപ്പിൻ പിണ്ണാക്ക് ഇടുക; 1 കി. ഗ്രാം. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം നൽകുക; നടീൽ വസ്തു 0.1 % കാർബെൻഡാസിം അല്ലെങ്കിൽ കാർബെൻഡാസിം-മാങ്കോസെബ് കുമിൾനാശിനി മിശ്രിതത്തിൽ (0.2%) 10 മിനിറ്റ് മുക്കി വച്ച ശേഷം നടുക; അതോടൊപ്പം ഇതേ കുമിൾനാശിനികളിൽ ഏതെങ്കിലും നടീൽ സമയം മുതൽ 15 ദിവസ ഇടവേളകളിൽ 3 പ്രാവശ്യം തളിച്ച് കൊടുക്കുക. |

മത്സ്യകൃഷി:- മത്സ്യകുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.